(ബി) പദ്ധതിയുടെ നടത്തിപ്പിനായി സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയരൂപീകരണം, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രോജക്ട് തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ നടത്തിവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി യുകെയൊന്നും വകയിരുത്തിയിട്ടില്ല. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

54 (1130) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താം തരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീ-ഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടു പോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, തൊഴിൽ/സംരംഭകത്വശേഷി പഠിതാക്കളിൽ വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർ പഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവയാണ് ഹയർ സെക്കണ്ടറി തുല്യത കോഴ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹയർസെക്കണ്ടറി തുല്യതാ കോഴ്സിന്റെ (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും ഇതിനായി സമ്പർക്കപഠന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടെ ഹയർ സെക്കണ്ടറി പഠന സാമഗ്രികൾ തയ്യാറാക്കി കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി 10 വിഷയങ്ങളിലായി 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിക്കുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു. പൊതുപരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. യോഗ്യരും പരിചയ സമ്പന്നരുമായ ഹയർസെക്കണ്ടറി അദ്ധ്യാപകരെ തെരഞ്ഞെടുത്ത് ക്ലാസ്സുകൾ ജില്ലാ തലത്തിൽ നടത്തിവരുന്നു.

ഹയർ സെക്കണ്ടറി അദ്ധ്യാപകർ

55 (1131) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ - സീനിയർ) സ്ഥിരം-ഒഴിവുകൾ 31-10-2015 വരെ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എൻ.ജെ.ഡി .ഉൾപ്പെടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്ര;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ;

(ഇ) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഹയർ സെക്കണ്ടറി കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 110 ഒഴിവുകളും സീനിയർ അദ്ധ്യാപകരുടെ 15 ഒഴിവുകളും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly